കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം  എൽ.ഡി.ക്ലർക്ക്/ബിൽകളക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി റോസിലി ആന്റണി, ശ്രീമതി രേഖ പി. എന്നിവർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒഎ (ഇകെഎം) 2090/2018 കേസിലെ 09.11.2018 ലെ വിധിന്യായം - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 847/2019/തസ്വഭവ    തീയതി, തിരുവനന്തപുരം, 12.04.2019

---

പരാമർശം :

1. ചാലക്കുടി നഗരസഭയിൽ എൽ.ഡി.ക്ലർക്ക്/ബിൽകളക്ടറായ ശ്രീമതി.റോസിലി ആന്റണി, സർക്കാരിൽ സമർപ്പിച്ച 26.10.2018 തീയതിയിലെ നിവേദനം(Annexure A14).
2. തൃശ്ശൂർ നഗരസഭയിൽ എൽ.ഡി.ക്ലർക്ക്/ബിൽകളക്ടറായ ശ്രീമതി രേഖ പി. സർക്കാരിൽ സമർപ്പിച്ച 26.10.2018 തീയതിയിലെ നിവേദനം(Annexure A15).
3. ശ്രീമതി റോസിലി ആന്റണി, ശ്രീമതി രേഖ പി. എന്നിവർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒഎ (ഇകെഎം) 2090/2018 കേസിൽ10 09.11.2018 തീയതിയിലുണ്ടായ വിധിന്യായം.

## ഉത്തരവ്

മുനിസിപ്പൽ കോമൺ സർവ്വീസിൽ ക്ലർക്ക്/ബിൽകളക്ടർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീമതി റോസിലി ആന്റണി, ശ്രീമതി രേഖ പി. എന്നിവർക്ക്, ടിയാളുകളുടെ മുൻകാല സർക്കാർ സർവ്വീസ് പരിഗണിച്ച് ശമ്പളം പുന:ക്രമീകരിക്കണമെന്ന ആവശ്യവുമായി പരാമർശം 1,2 പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു. കൂടാതെ ഇതേ ആവശ്യമുന്നയിച്ച് ശ്രീമതി റോസിലി ആന്റണി, ശ്രീമതി രേഖ പി. എന്നിവർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒഎ (ഇകെഎം) 2090/2018 കേസിൽ 09.11.2018 തീയതിയിൽ ബഹു. ട്രിബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവിൽ അപേക്ഷകർ സർക്കാരിൽ സമർപ്പിച്ച നിവേദനങ്ങൾ(അനക്ഷർ എ 14 &എ 15) സർക്കാർ പരിശോധിച്ച്, ടിയാളുകളെ നേരിൽക്കേട്ട് മൂന്ന് മാസത്തിനുള്ളിൽ തീരുമാനമെടുക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

2. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ നിർദ്ദേശപ്രകാരം ശ്രീമതി റോസിലി ആന്റണി, ശ്രീമതി രേഖ പി. എന്നിവർക്കുവേണ്ടി ഹാജരായ അഡ്വക്കേറ്റിനെ തദ്ദേശസ്വയംഭരണവകുപ്പ് അണ്ടർ സെക്രട്ടറി 06.12.2018 ൽ നേരിൽക്കേട്ടിരുന്നു. ടിയാൻ വിഷയം സംബന്ധിച്ച കുറിപ്പുകളും മറ്റ് അനുബന്ധങ്ങളും ലഭ്യമാക്കിയിരുന്നു.

3. തൃശ്ശൂർ ജില്ലയിലെ ചാലക്കുടി മുനിസിപ്പാലിറ്റിയിൽ ക്ലർക്ക്/ബിൽകളക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചു വരുന്ന ശ്രീമതി റോസിലി ആന്റണി, 04.04.2012 ൽ മഞ്ചേരി മോട്ടോർ ആക്സിഡന്റ് ട്രിബ്യൂണലിൽ പ്യൂൺ തസ്തികയിൽ സേവനത്തിൽ പ്രവേശിക്കുകയും തുടർന്ന് 28.03.2018 മുനിസിപ്പൽ കോമൺ സർവ്വീസിൽ ക്ലർക്ക്/ബിൽകളക്ടർ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിരുന്നു.

4. തൃശ്ശൂർ മുനിസിപ്പൽ കോർപറേഷനിൽ ക്ലർക്ക്/ബിൽകളക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചു വരുന്ന ശ്രീമതി രേഖ പി. ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ഫിനാൻസ് (അഡ്മിനിസ്ട്രേഷൻ) വകുപ്പിൽ ഓഫീസ് അസിസ്റ്റന്റായി 21.12.2012 മുതൽ തുടർന്നുവരവേ മേല്പടിയാൾക്ക് വില്ലേജ് ഫീൽഡ് അസിസ്റ്റന്റായി 18.11.2014-ൽ നിയമനം ലഭിക്കുകയും 10.12.2014 മുതൽ സേവനത്തിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് കേരള പബ്ലിക്ക് സർവ്വീസ് കമ്മിഷന്റെ പരീക്ഷ പാസ്സായി മുനിസിപ്പൽ കോമൺ സർവ്വീസിൽ ക്ലർക്ക്/ബിൽകളക്ടർ തസ്തികയിൽ 14.06.2018 തീയതിയിൽ സേവനത്തിൽ പ്രവേശിച്ചിരുന്നു.

5. മുനിസിപ്പൽ കോമൺ സർവ്വീസിൽ ക്ലർക്ക്/ബിൽകളക്ടർ തസ്തികയിൽ പ്രവേശിച്ച ടിയാൾക്കാർക്ക് ശമ്പളം പ്രൊട്ടക്ട് ചെയ്തുകൊടുക്കുകയോ അവരുടെ പഴയകാല സർവ്വീസ് പരിഗണിക്കുകയോ ചെയ്തിട്ടില്ലായെന്നതിനാൽ കെ.എസ്.ആർ.റൂൾ 28 'എ' റൂൾ 37 എന്നിവയിലേതെങ്കിലും പരിഗണിച്ച് ശമ്പളം പുന:ക്രമീകരിക്കണമെന്നതാണ് അപേക്ഷകരുടെ ആവശ്യം.

6. സർക്കാർ ഇക്കാര്യം ബന്ധപ്പെട്ട രേഖകളുടേയും ഉത്തരവുകളുടേയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു സർക്കാർ സർവ്വീസിൽനിന്ന് മുനിസിപ്പൽ കോമൺ സർവ്വീസിലേക്ക് മാറിവരുന്ന ജീവനക്കാർക്കാർക്ക് അവരുടെ മുൻകാല സർക്കാർ സർവീസ് ശമ്പള നിർണയത്തിനു കണക്കാക്കാൻ അനുവദിച്ചുകൊണ്ട് സർക്കാർ 13.07.1987 ലെ സ.ഉ. (സാധ.) നം. 162/87/തസ്വഭവ. ഉത്തരവു പുറപ്പെടുവിച്ചിരുന്നു. ആയതിനു 31-03-1984 മുതൽ മുൻകാലപ്രാബല്യം നൽകികൊണ്ട് 07-06-1989 ലെ സ.ഉ.(എം.എസ്) 55/89/തസ്വഭവ. ഉത്തരവും പുറപ്പെടുവിച്ചു. എന്നാൽ ബഹു ഹൈക്കോടതിയുടെ 05-11-05 ലെ WP(C) No. 18268/05 ന്റെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച 12.09.2006 ലെ സ.ഉ. (എം.എസ്) 211/06/തസ്വഭവ. പ്രകാരം 13-07-1987 ലേയും 07-06-1989 ലേയും ഉത്തരവുകൾ റദ്ദു ചെയ്യുകയുണ്ടായി. 12.09.2006 ലെ സ.ഉ.(എം.എസ്) 211/06/തസ്വഭവ. ഉത്തരവിനു മുൻകാല പ്രാബല്യം നല്കാത്തതിനാൽ 31.03.1984 നും 11.09.2006 നും മധ്യേ സർക്കാർ സർവ്വീസിൽ നിന്നും മുനിസിപ്പൽ കോമൺ സർവ്വീസിൽ പ്രവേശിച്ചവർക്കു മാത്രമാണ് അവരുടെ മുൻകാല സർക്കാർ സർവീസ് ശമ്പള നിർണയത്തിനു കണക്കാക്കാൻ കഴിയുന്നത്. ഇവിടെ പരാതിക്കാരായ ശ്രീമതി രേഖ പി, ശ്രീമതി റോസിലി ആന്റണി എന്നിവർ സർക്കാർ സർവീസിൽ നിന്നും വിടുതൽ ചെയ്ത് മുനിസിപ്പൽ കോമൺ സർവീസിൽ പ്രവേശിച്ചത് സ.ഉ. (എം.എസ്) 211/06/തസ്വഭവ ന്റെ ഉത്തരവു തീയതിയായ 12.09.2006 നു ശേഷമാണ് ആയതിനാൽ പ്രസ്തുത ജീവനക്കാർക്ക് 13-07-1987 ലെ സ.ഉ.(സാധ.)നം. 162/87/തസ്വഭവ. ഉത്തരവിന്റെ ആനുകൂല്യത്തിന് അർഹതയില്ലാത്തതാണ്. കൂടാതെ സർക്കാർ സർവീസും മുനിസിപ്പൽ കോമൺ സർവീസും രണ്ടു വ്യത്യസ്ത സർവീസുകളായതിനാൽ സർക്കാർ

സർവീസിൽ ഉണ്ടായിരുന്നപ്പോൾ ലഭിച്ച സേവനാനുകൂല്യങ്ങൾ മുനിസിപ്പൽ കോമൺ സർവീസിലും സംരക്ഷിച്ചു നല്കാൻ കഴിയില്ല. അതിനാൽ മുൻകാല സർക്കാർ സർവ്വീസ് പരിഗണിച്ച് മുനിസിപ്പൽ കോമൺ സർവ്വീസിൽ ശമ്പള സംരക്ഷണം അനുവദിക്കണമെന്ന പരാതിക്കാരുടെ ആവശ്യം അംഗീകരിക്കുവാൻ സാധിക്കുന്നതല്ല.

7. മേൽ സാഹചര്യത്തിൽ മുൻകാല സർക്കാർ സർവ്വീസ് പരിഗണിച്ച് മുനിസിപ്പൽ കോമൺ സർവ്വീസിൽ ശമ്പള സംരക്ഷണം അനുവദിക്കണമെന്ന ശ്രീമതി റോസിലി ആന്റണി, ശ്രീമതി രേഖ പി. എന്നിവരുടെ ആവശ്യം പരിഗണനാർഹമല്ലാത്തതിനാൽ നിരസിച്ചുകൊണ്ട് ടിയാളുകളുടെ അപേക്ഷ തീർപ്പാക്കി ഉത്തരവാകുന്നു.

8. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം 3 പ്രകാരമുള്ള നിർദ്ദേശം മേൽപ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**വി.എ സ്.സന്തോഷ്**

അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, കേരളാ, തിരുവനന്തപുരം.( ആമുഖ കത്ത് സഹിതം)

ശ്രീമതി റോസിലി ആന്റണി, എൽ.ഡി.ക്ലർക്ക്/ബിൽകളക്ടർ, ചാലക്കുടി നഗരസഭ

ശ്രീമതി രേഖ പി., എൽ.ഡി.ക്ലർക്ക്/ബിൽകളക്ടർ, തൃശ്ശൂർ നഗരസഭ

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ